## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2222** — **11/03/2020-ൽ മറുപടിയ്ക്ക്**

### കേരളാ ബാങ്ക് ഭരണസമിതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീ.കെ. രാജൻ**<br>**ശ്രീമതി ഗീതാ ഗോപി**<br>**ശ്രീ.വി.ആർ.സുനിൽ കുമാർ** | | **ശ്രീ.കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരളാ ബാങ്കിന്റെ ഭരണസമിതി എപ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുമോ; ഇടക്കാല ഭരണസമിതി ഉണ്ടോ; എങ്കിൽ അതിന്റെ ഘടന അറിയിക്കുമോ; | (എ) | കേരള ബാങ്കിന്റെ ഭരണസമിതിയിൽ 21 അംഗങ്ങൾ ഉണ്ടായിരിക്കും. അതിൽ 15 അംഗങ്ങളെ ബാങ്കിന്റെ 'A' ക്ലാസ് അംഗങ്ങൾ തിരഞ്ഞെടുക്കുന്നു. ഭരണസമിതി അംഗങ്ങളുടെ ഘടന ചുവടെ ചേർക്കുന്നു.<br><br>a) ഓരോ ജില്ലയിൽ നിന്നും 'A' ക്ലാസ് അംഗങ്ങൾ തിരഞ്ഞെടുക്കുന്ന 14 PACS പ്രതിനിധികൾ.<br><br>i) പൊതുവിഭാഗം - 10 അംഗങ്ങൾ<br>ii) വനിത (സംവരണം) - 3 അംഗങ്ങൾ<br>iii) SC /ST (സംവരണം) - 1 അംഗം<br><br>b) ലൈസൻസ്ഡ് അർബൻ ബാങ്കുകളെ ('A' ക്ലാസ് അംഗം) പ്രതിനിധീകരിച്ച് ഒരു അംഗം.<br>c) സർക്കാർ നാമനിർദ്ദേശം ചെയ്ത രണ്ട് സ്വതന്ത്ര പ്രൊഫഷണൽ ഡയറക്ടർ-മാർ.<br>d) നാല് എക്സ് ഒഫീഷ്യോ അംഗങ്ങൾ |

<table>
<tr><td></td><td></td><td></td><td><table>
<tr><td>i)</td><td>ഗവൺമെന്റ് സെക്രട്ടറി,സഹകരണ വകുപ്പ്</td></tr>
<tr><td>ii)</td><td>സഹകരണ സംഘം രജിസ്ട്രാർ</td></tr>
<tr><td>iii)</td><td>ചീഫ് ജനറൽ മാനേജർ, നബാർഡ് റീജിയണൽ ഓഫീസ്, കേരള</td></tr>
<tr><td>iv)</td><td>കേരള സംസ്ഥാന സഹകരണ ബാങ്ക് എം.ഡി/CEO</td></tr>
</table>
e) 21 അംഗങ്ങൾക്ക് പുറമെ<br><br>
സംസ്ഥാനത്തെ അപെക്സ് സഹകരണ ഫെഡറേഷനുകളിൽ നിന്ന് റൊട്ടേഷൻ അടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്ക് നോൺ ക്രെഡിറ്റ് സൊസൈറ്റികളെ പ്രതിനിധീകരിക്കാൻ ഡയറക്ടർ ബോർഡ് ക്ഷണിക്കുന്ന ഒരു അംഗം. അത്തരം ക്ഷണിതാവിന് വോട്ടവകാശം ഉണ്ടായിരിക്കില്ല.<br>
ബാങ്കിൽ നിലവിൽ ഇടക്കാല ഭരണ സമിതിയാണ് ഭരണം നടത്തുന്നത്. ഇടക്കാല ഭരണസമിതിയിൽ സഹകരണ വകുപ്പ് സെക്രട്ടറി (ചെയർ പേഴ്സൺ), പ്രിൻസിപ്പൽ സെക്രട്ടറി (ഫിനാൻസ് ഡിപ്പാർട്ട്മെന്റ്) സംസ്ഥാന സഹകരണ ബാങ്ക് മാനേജിംഗ് ഡയറക്ടർ എന്നിവർ അംഗങ്ങളാണ്.</td></tr>
<tr><td>(ബി)</td><td>ജില്ലാ സഹകരണ ബാങ്കുകളുടെ അറ്റമൂല്യം കണക്കാക്കി പ്രാഥമിക സംഘങ്ങൾക്ക് കേരളാ ബാങ്കിൽ ഓഹരി അവകാശം നല്കണമെന്ന റിസർവ് ബാങ്ക് വ്യവസ്ഥ പാലിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;</td><td>(ബി)</td><td>RBI യുടെ നിർദ്ദേശങ്ങൾ ബാങ്കിന്റെ പരിശോധനയിലാണ്.</td></tr>
<tr><td>(സി)</td><td>കേരളാ ബാങ്കിന് ഏകീകൃത സോഫ്റ്റ് വെയർ സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ;</td><td>(സി)</td><td>ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു.<br>
കേരള ബാങ്കിന് ടെക്നിക്കൽ പ്ലാറ്റ്ഫോം ഒരുക്കുന്നതിന്റെ ഭാഗമായി Selection of CBS, Allied Solution and Setting up of DC/DR/NDR, ATM Switch Services for proposed Kerala Bank</td></tr>
</table>

under OPEX Model, Selection of Network Integrator for Managing, Designing and Monitoring of enterprises wide area network എന്നിങ്ങനെ മൂന്ന് ടെണ്ടറുകൾ വിളിക്കുകയുണ്ടായി.

ടെണ്ടറിന്റെ വിശദവിവരങ്ങൾ താഴെ രേഖപ്പെടുത്തിയിരിക്കുന്നു.

| Sl. No. | Tender Name | Open Date | Closed Date |
|---|---|---|---|
| 1. | Selection of CBS, Allied Solution and setting up of DC/DR/NDR for proposed Kerala Bank. | 01.03. 2019 | 22.07. 2019 |
| 2. | ATM switch services for proposed Kerala Bank under OPEX model | 02.03. 2019 | 22.07. 2019 |
| 3. | Selection of Network Integrator for Managing, Designing and Monitoring of Enterprise wide area Network (EWAN) | 02.03. 2019 | 22.07. 2019 |

ഇതിൽ CBS ടെണ്ടറിനും, ATM Switching ടെണ്ടറിനും നാല് ക്വട്ടേഷൻ വീതം ലഭിക്കുകയും ചെയ്തു. Network Integrator ന് ഒരു ക്വട്ടേഷൻ മാത്രം ലഭിച്ചതിനാൽ അത് റി-ടെണ്ടർ ചെയ്യാൻ തീരുമാനിച്ചു. CBS, RFP, Prequalification evaluation പൂർത്തീകരിക്കുകയും അതിൽ രണ്ട് vendor മാർ അടുത്ത ഘട്ടമായ technical evaluation-ലേയ്ക്ക് യോഗ്യത നേടി. ഇതിന്റെ technical evaluation നടപടികൾ അന്തിമഘട്ടത്തിലാണ്. ATM switch ന്റെ pre-qualification evaluation നടന്നുകൊണ്ടിരിക്കുന്നു.

| | | | |
|---|---|---|---|
| (ഡി) | കേരളാ ബാങ്കിന്റെ മൂലധനപര്യാപ്തത (സി.എ.ആർ.) സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ? | (ഡി) | കേരള ബാങ്ക് രൂപീകരിച്ച് കൊണ്ടുള്ള 29.11.2019-ലെ സഹകരണ സംഘം രജിസ്ട്രാറുടെ ലയന ഉത്തരവിനെ തുടർന്ന് ടി തീയതിയിലെ സഹകരണ ആഡിറ്റ് പൂർത്തിയായിട്ടില്ല. ആയതിന് ശേഷം മാത്രമേ കേരള ബാങ്കിന്റെ മൂലധനപര്യാപ്തത സംബന്ധിച്ച വിവരം ലഭ്യമാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.